പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1651

04-12-2018-ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ

**ചോദ്യം**

ശ്രീ. കെ. ബാബു

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 79 അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട്. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് അഗ്രോ സർവ്വീസ് സെന്ററുകളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ; | (ബി) | കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നത്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളി കുറവ് മൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയ പ്രവർത്തനങ്ങളും, തെങ്ങു കയറ്റം, മരുന്നു തളി, നടീൽ തുടങ്ങിയ സേവനങ്ങളും നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, വിതരണം എന്നീ സേവനങ്ങൾ കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകി വരുന്നു. കൂടാതെ വിവിധയിനം ഫോറസ്റ്റി തൈകൾ, ടിഷ്യുകൾച്ചർ തൈകൾ, പൂന്തോട്ട നിർമ്മാണം, കൂൺ കൃഷി, കൃത്യത കൃഷി, മണ്ണിര, ചകിരി കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം, ബയോഗ്യാസ് യൂണിറ്റ് നിർമ്മാണം, പോളി ഹൗസ്, ഗ്രീൻ ഹൗസ് എന്നിവയുടെ നിർമ്മാണം, ബയോ ഫാർമസി, വിള ഇൻഷ്വറൻസ്, സാന്ത്വനം/ കൗൺസലിംഗ് സെന്റർ, വിജ്ഞാന വ്യാപനം എന്നീ സേവനങ്ങളും നൽകി വരുന്നു. |
| (സി) | ഈ വർഷം പുതുതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ വർഷം പുതുതായി 13 അഗ്രോ സർവ്വീസ് സെന്ററുകളാണ് ആരംഭിച്ചത്. പ്രസ്തുത അഗ്രോ സർവ്വീസ് സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ജില്ല | നിയോജക മണ്ഡലം | | ബ്ലോക്ക് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | വർക്കല | വർക്കല |
| | | 2 | വാമനപുരം | വാമനപുരം |
| 2 | കൊല്ലം | 3 | കരുനാഗപ്പള്ളി | ഓച്ചിറ |
| 3 | കോട്ടയം | 4 | ഏറ്റുമാനൂർ | ഏറ്റുമാനൂർ |
| | | 5 | വൈക്കം | വൈക്കം |
| | | 6 | പൂഞ്ഞാർ | ഈരാറ്റുപേട്ട |
| 4 | ആലപ്പുഴ | 7 | അമ്പലപ്പുഴ | അമ്പലപ്പുഴ |
| 5 | എറണാകുളം | 8 | പറവൂർ | നെടുമ്പാശ്ശേരി |
| 6 | മലപ്പുറം | 9 | വള്ളിക്കുന്ന് | പരപ്പനങ്ങാടി |
| | | 10 | ഏറനാട് | മഞ്ചേരി |
| | | 11 | പൊന്നാനി | പെരുമ്പടപ്പ് |
| 7 | പാലക്കാട് | 12 | മണ്ണാർക്കാട് | അഗളി |
| 8 | കോഴിക്കോട് | 13 | ബാലുശ്ശേരി | ബാലുശ്ശേരി |

(signature)

സെക്ഷൻ ഓഫീസർ